(ബി) പാലക്കാട് ജില്ലയിലേക്ക് ഏത് മാസംവരെയുള്ള തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(സി) ഇത്തരത്തിൽ അനുവദിച്ചുകിട്ടിയ തുക മുഴുവനും വിതരണം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ?

ഉത്തരം

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ സഹായം ഉൾപ്പെടെയുള്ള വിവിധ ധനസഹായ വിതരണത്തിനായി ഓരോ ജില്ലയ്ക്കും അനുവദിച്ച തുകയുടെ കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) വിവിധ ധനസഹായങ്ങൾ നൽകുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ഫണ്ട് ആവശ്യപ്പെട്ടുകൊണ്ട് പാലക്കാട് ജില്ലാ കളക്ടർ 19-6-2015-ന് അയച്ച അപേക്ഷ പ്രകാരം 29-5-2015 വരെയുള്ള സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിട്ടുള്ളത്.

(സി) 7-5-2015 തീയതിക്കുള്ളിൽ ഉത്തരവായ സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള തുക ബന്ധപ്പെട്ട തഹസീൽദാർമാർക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. ബാക്കിയുള്ള തുക കൂടി ബന്ധപ്പെട്ട തഹസീൽദാർമാർ മുഖേന ഗുണഭോക്താക്കൾക്ക് വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ദുരിതാശ്വാസ നിധിയിലെ ചികിത്സാ ധനസഹായത്തിനുള്ള കാലതാമസം

80 (2899) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദുരിതാശ്വാസനിധിയിലെ ചികിത്സാ ധനസഹായ വിതരണത്തിലുണ്ടാവുന്ന കാലതാമസം സംബന്ധിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) അടിയന്തരമായി ലഭിക്കേണ്ട ചികിത്സാ ധനസഹായം യഥാസമയം ലഭിക്കാത്തത് കാരണം രോഗികൾക്കുണ്ടാവുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(സി) രോഗത്തിന്റെ പ്രാധാന്യവും രോഗിയുടെ സാമ്പത്തിക സ്ഥിതിയും മനസ്സിലാക്കി ധനസഹായ വിതരണത്തിലെ കാലതാമസം ഒഴിവാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) ധനസഹായത്തിനുള്ള അപേക്ഷകരുടെ ബാഹുല്യംമൂലം ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്.

ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗുണഭോക്താവിന്റെ പേര് എടുത്ത് പറഞ്ഞുകൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം

81 (2900) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുക്കാട് മണ്ഡലത്തിൽ ജീവൻ എന്ന കുട്ടി മരണപ്പെട്ടതിനെത്തുടർന്ന് പിതാവായ ശ്രീ. ഷിബു, കുരുവിള വീട്, തൃക്കൂർ എന്നയാൾ ധനസഹായത്തിന് അപേക്ഷ നൽകിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ദുരിതാശ്വാസനിധിയിൽ നിന്നും നാളിതുവരെ തുകയൊന്നും അനുവദിച്ചിട്ടില്ല എന്ന കാര്യം അറിയുമോ ;

(സി) തുക എന്നത്തേക്ക് അനുവദിച്ച് ഉത്തരവ് നൽകുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ-സി) ശ്രീ. ഷിബു, കുരുവിള വീട്, തൃക്കൂർ എന്നയാൾ തന്റെ മകന്റെ മരണത്തെ തുടർന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ചതായി കാണുന്നില്ല. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം

82 (2901) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുക്കാട് മണ്ഡലത്തിൽ മുളങ്ങ് എന്ന പ്രദേശത്ത് ഗ്യാസ് സിലിണ്ടർ പൊട്ടിത്തെറിച്ച് പണിയിലേർപ്പെട്ടിരുന്ന തൊഴിലാളികൾ മരണപ്പെട്ട സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly